LIBRARY ARCHIVES Kerala Legislative Assembly

കോന്നി നിയോജകമണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം

175 (4238) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്താമെന്ന് ഗവൺമെന്റ് പ്രഖ്യാപനം നടത്തിയത് പാലിക്കപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ബി) കോന്നി നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് എത്ര കോടി രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന് ഇനി എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ; എങ്കിൽ എപ്പോൾ മാറ്റാമെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) സമ്പൂർണ്ണ വൈദ്യുതീകരണം എന്നതുകൊണ്ട് വ്യാഖ്യാനിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഏതെല്ലാം പദ്ധതിൽപ്പെടുത്തിയാണ് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ; ഇതിൽ ഓരോ പദ്ധതിയുടെയും തുക എത്ര വീതമെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ-ഇ) സമ്പൂർണ്ണ വൈദ്യുതീകരണപദ്ധതി നടപ്പിലാക്കുന്നതിന് അതാത് നിയോജകമണ്ഡലത്തിലെ എം.എൽ.എ. മാരാണ് മുൻകൈയെടുക്കേണ്ടത്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ആവശ്യമായ തുക ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ നിന്നോ ഗവൺമെന്റ് നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികളിലൂടെയോ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതികളിലൂടെയോ ആണ് സ്വരൂപിക്കുന്നത്. ബാക്കിവേണ്ടിവരുന്ന തുകയുടെ 50% (പരമാവധി ഒരു കോടി രൂപ) ബോർഡ് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതാണ്. കോന്നി മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി 5,73,83,431 രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. . ഫണ്ടുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തിയാക്കുന്നതാണ്.

സർക്കാർ ഓഫീസുകളിലും പൊതുമേഖലാസ്ഥാപനങ്ങളിലും എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നതിന് പദ്ധതി

176 (4239) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ഏതൊക്കെ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമാണ് പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത് ;

(സി) ഈ വർഷാവസാനത്തോടെ എത്ര എൽ.ഇ.ഡി.ബൾബുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) നടപ്പുവർഷം ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) പ്രസ്തുത നടപടിക്കായി ഈ വർഷം എന്തു തുക ചെലവഴിക്കുമെന്നാണ് കണക്കാക്കുന്നത് ;

(എഫ്) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതോടെ ഈ വർഷാവസാനത്തിൽ പീക്ക് ലോഡ് സമയത്ത് എത്ര മെഗാവാട്ട് വൈദ്യുതി ലാഭിക്കാനാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ ഓഫീസുകൾക്കും പൊതുമേഖലാസ്ഥാപനങ്ങൾക്കുമായി പ്രത്യേകം പദ്ധതികൾ ഇപ്പോൾ ആവിഷ്ക്കരിച്ചിട്ടില്ല.

(ബി) തീരുമാനമായിട്ടില്ല.

(സി) തീരുമാനമായിട്ടില്ല.

(ഡി) പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറുശ്ശി പഞ്ചായത്തിലെ ഏകദേശം 200 ഓളം വീടുകളിൽ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ സഹായത്തോടുകൂടി 800 എൽ.ഇ.ഡി. വിളക്കുകൾ നൽകുന്ന പദ്ധതി ഉടൻ ആരംഭിക്കുന്നുണ്ട്. കൂടാതെ 50 എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നുണ്ട്. കേരളത്തിലെ ആദ്യത്തെ എൽ.ഇ.ഡി. വാർഡ് ആയിരിക്കും ഇത്.

(ഇ) ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി ഇതിനായി 15 ലക്ഷം രൂപ എനർജി മാനേജ്മെന്റ് സെന്ററിന് അനുവദിച്ചിട്ടുണ്ട്.

(എഫ്) പദ്ധതി വളരെ ചെറിയ പ്രദേശത്തായതിനാൽ കുറഞ്ഞ വൈദ്യുതി ലാഭം മാത്രമേ ഇതിൽ നിന്നും ലഭിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly